## സാമൂഹ്യ നീതി ഡയറക്ടറുടെ നടപടി ക്രമങ്ങൾ
(സാന്നിദ്ധ്യം. അനുപമ.ടി.വി.IAS)

തിരുവനന്തപുരം

നം.ഇ7/24124/2017 തീയതി.04/08/2017

വിഷയം:-സാമൂഹ്യനീതി വകുപ്പ് ജീവനക്കാര്യം ഹെഡ് അക്കൗണ്ടന്റ്/ ഹെഡ്ക്ലാർക്ക് തസ്തികയിലേക്ക് താൽക്കാലിക ഉദ്യോഗക്കയറ്റം ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന:- 1)സ.ഉ.(എം.എസ്)നം.65/2015 സാ.നീ.വ തീയതി.30/09/2015
2)സ.ഉ.(എം.എസ്)നം.20/2016 സാ.നീ.വ തീയതി.24/02/2016
3)ഈ കാര്യാലയത്തിലെ 08-10-2014 ലെ ഇ9/25959/13 നം ഉത്തരവ്

സാമൂഹ്യ നീതി വകുപ്പിൽ ഐ.സി.ഡി.എസ് മൂന്നാം ഘട്ട വികസനത്തിന്റെ ഭാഗമായി 73 ജൂനിയർ സൂപ്രണ്ടുമാരുടെ തസ്തികകൾ അനുവദിച്ചു കൊണ്ട് പരാമർശം ഒന്ന് പ്രകാരം ഉത്തരവായിരുന്നു. കേരള സോഷ്യൽ വെൽഫയർ സബ് ഓർഡിനേറ്റ് സർവ്വീസ് വിശേഷാൽ ചട്ടം കാറ്റഗറി 5 ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് II, കാറ്റഗറി 12 ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് III /ചൈൽഡ് വെൽഫയർ ഇൻസ്പെക്ടർ എന്നീ തസ്തികകളുടെ ഫീഡർ കാറ്റഗറിയിൽ നിന്നും മിനിസ്റ്റീരിയൽ ജീവനക്കാരെ ഒഴിവാക്കി കേരള സോഷ്യൽ വെൽഫയർ സബ് ഓർഡിനേറ്റ് സർവ്വീസ് വിശേഷാൽ ചട്ടം ഭേദഗതി ചെയ്തതിനുശേഷം മാത്രമേ ടി 73 ജൂനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്കുള്ള ഉദ്യോഗക്കയറ്റം ക്രമീകരിക്കാവൂ എന്ന വ്യവസ്ഥയിന്മേൽ ടി തസ്തികകളിലേക്ക് ഉദ്യോഗക്കയറ്റം അനുവദിക്കുന്നതിന് സർക്കാർ അനുമതി നല്കിയിട്ടുണ്ട്. ഒഴിവുള്ളതും ; ജൂനിയർസൂപ്രണ്ട് തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം നല്കിയതു മുഖേന ഉണ്ടായതുമായ ഹെഡ്അക്കൗണ്ടന്റ്/ ഹെഡ്ക്ലാർക്കുമാരുടെ 2 ഒഴിവുകൾ നിലവിലുണ്ട്.

ഹെഡ് അക്കൗണ്ടന്റ്/ഹെഡ് ക്ലാർക്കുമാരുടെ 2 ഒഴിവുകളിലേക്ക് പരാമർശം 3 പ്രകാരമുള്ള സീനിയർക്ലാർക്കുമാരുടെ സീനിയോറിറ്റിലിസ്റ്റിൽ നിന്നും ക്രമനം 38 മുതൽ ക്രമനം 39 വരെയുള്ള മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവ്വീസ് ചട്ടത്തിൽ ഉൾപ്പെടുന്ന ചുവടെ ചേർക്കുന്ന 2 ജീവനക്കാർക്ക് താൽക്കാലിക ഉദ്യോഗക്കയറ്റം ലഭിക്കുന്നതിന് അർഹതയുണ്ട്.

| ക്രമ നം | ജീവനക്കാരന്റെ പേര് | സീനിയോറിറ്റി ലിസ്റ്റിലെ ക്രമനം | അഭിപ്രായം |
|---|---|---|---|
| 1 | ശ്രീമതി.സബീന ബീഗം | ക്രമനം.38 No.E9/25959/13 Dt.08/10/14 | |
| 2 | ശ്രീമതി.രാജശ്രീ.വി | ക്രമനം.39 No.E9/25959/13 Dt.08/10/14 | |

ടി ജീവനക്കാർക്ക് കെ.എസ്&.എസ്എസ്ആർ ചട്ടം 31 എ (1) പ്രകാരം 27800-59400 രൂപ ശമ്പള സ്കെയിലിൽ ഹെഡ്അക്കൗണ്ടന്റ്/ഹെഡ്ക്ലാർക്ക് തസ്തികയിലേക്ക് താൽക്കാലിക ഉദ്യോഗക്കയറ്റം നൽകി ചുവടെ അവരവരുടെ പേരിന് നേരെ ചേർത്തിട്ടുള്ള കാര്യാലയങ്ങളിൽ നിയമിച്ചു ഉത്തരവാകുന്നു.

ഉദ്യോഗക്കയറ്റം

| ക്രമ നം | പേര് തസ്തിക ഇപ്പോൾ ജോലി നോക്കുന്ന കാര്യാലയം | ഉദ്യോഗക്കയറ്റം നല്കി നിയമിക്കുന്ന തസ്തിക കാര്യാലയം | റിമാർക്ക്സ് |
|---|---|---|---|
| 1 | ശ്രീമതി.സബീനബീഗം<br>സീനിയർ ക്ലാർക്ക്,<br>സാമൂഹ്യ നീതി ഡയറക്ടറേറ്റ് | ഹെഡ്അക്കൗണ്ടന്റ്<br>ഐ.സി.ഡി.എസ്<br>തിരുവനന്തപുരം അർബൻ II | ഉദ്യോഗക്കയറ്റം |
| 2 | ശ്രീമതി.രാജശ്രീ.വി<br>സീനിയർക്ലാർക്ക്,<br>ഐ.സി.ഡി.എസ്<br>അങ്കമാലി അഡീഷണൽ | ഹെഡ്അക്കൗണ്ടന്റ്<br>ജില്ലസാമൂഹ്യനീതിഓഫീസ്<br>കോഴിക്കോട് | ഉദ്യോഗക്കയറ്റം |

ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാർ തുടർച്ചയായ രണ്ടു വർഷക്കാലയളവിൽ ഒരു വർഷത്തെ നിരീക്ഷണകാലം പൂർത്തികരിക്കേണ്ടതാണ്.

ഉദ്യോഗക്കയറ്റം ലഭിച്ചിട്ടുള്ള ജീവനക്കാരെ ബന്ധപ്പെട്ട കാര്യാലയമേധാവി ഉടൻ പ്രാബല്യത്തിൽ വിടുതൽ ചെയ്യേണ്ടതും, ജീവനക്കാർ ജോലിയിൽ പ്രവേശിച്ച വിവരം കാര്യാലയമേധാവികൾ ഈ കാര്യാലയത്തിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. ഉദ്യോഗക്കയറ്റം അനുവദിച്ചിട്ടുള്ള ജീവനക്കാരന് നിയമാനുസൃത യാത്രബത്തയ്ക്കും പ്രവേശനകാലത്തിനും അർഹതയുണ്ടായിരിക്കുന്നതാണ്.

(ഒപ്പ്)
സാമൂഹ്യനീതിഡയറക്ടർ

ബന്ധപ്പെട്ട ജീവനക്കാർക്ക്
പകർപ്പ്
സ്റ്റോക്ക് ഫയൽ /സ്പെയർ
വെബ്സൈറ്റിൽപ്രസിദ്ധീകരിക്കുന്നതിന്

ഉത്തരവിൻ പ്രകാരം
സൂപ്രണ്ട്